2478
12/3/15

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വകുപ്പിന് കീഴിൽ മലപ്പുറത്തെ തവനൂരിൽ സാമൂഹ്യ നീതി സമുച്ചയം പണികഴിപ്പിക്കുന്നതിന് അനുമതി നൽകിയ ഉത്തരവിലെ നിബന്ധനയിൽ ഇളവ് നൽകിയും സാമൂഹ്യനീതി സമുച്ചയത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് മുൻകൂറായി ഡെപ്പോസിറ്റ് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.133/2015/സാനീവ തിരുവനന്തപുരം, തീയതി 10.03.2015

==============================================================

പരാമർശം : 1. 28/4/2014 ലെ G.O.(Rt) 281/14/സാനീവ നമ്പർ ഉത്തരവ്

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 30/1/2015 ലെഎഫ്.5 19154/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സാമൂഹ്യനീതി വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിലെ തവനൂരിൽ 'സാമൂഹ്യനീതി സമുച്ചയം' പണികഴിപ്പിക്കുന്നതിനുള്ള 38.0823 കോടി രൂപയുടെ ഭരണാനുമതി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നൽകിയിരുന്നു. ഈ ഉത്തരവിന്റെ ഖണ്ഡിക 2 (iii) ലെ വ്യവസ്ഥ പ്രകാരം സാമൂഹ്യനീതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഫണ്ട് റിലീസ് ചെയ്യുന്നത് ചെലവ് വരുന്ന മുറക്ക് ആയിരിക്കേണ്ടതും ആയത് ബാങ്കുകളിൽ നിക്ഷേപിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ മേൽ വ്യവസ്ഥ പ്രകാരം ടി നിർമ്മാണ പ്രവൃത്തി സാമൂഹ്യനീതി വകുപ്പ് നേരിട്ടു നടത്തുന്നതിനെ സാധിക്കുകയുള്ളുവെന്നും എന്നാൽ വകുപ്പിന്റെ ഘടന ആയത് ഏറ്റെടുക്കുന്നതിനുള്ള അവസ്ഥയിലല്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 2 (iii) പ്രകാരമുള്ള വ്യവസ്ഥ ഇളവ് ചെയ്യുന്നതിനും ടി പ്രവൃത്തിയുടെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ 4.5725 കോടി രൂപ മുൻകൂറായി പൊതുമരാമത്ത് വകുപ്പിനു നൽകി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ഉത്തരവാകണമെന്ന് പരാമർശം 2 ലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വകുപ്പിനു കീഴിൽ തവനൂരിൽ സാമൂഹ്യനീതി സമുച്ചയം പണിയുന്നതിന് ഭരണാനുമതി

നൽകിയ പരാമർശം ഒന്നിലെ ഉത്തരവിലെ ഖണ്ഡിക 2 (iii) ലെ നിബന്ധനയിൽ ഇളവ് നൽകിയും, പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി PWD മാന്വൽ സെക്ഷൻ 1601.4-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ടി പ്രവൃത്തിയുടെ ഒന്നാം ഘട്ട പ്രവൃത്തനങ്ങൾക്കാവശ്യമുള്ള 4.5725 കോടി രൂപ മുൻകൂറായി പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ് (10828/ഡബ്ല്യൂ.ഡബ്ല്യൂ3/15/ഫിൻ.നമ്പർ ഫയൽ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ